# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDk/13/535/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/06/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDk/13/535/21 തീയ്യതി: 30/06/2021

## ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.കെ.മധുസുദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മേജോ കെ. ജോർജ്ജ്, ഓഡിറ്റർ (സീ.ഗ്രേ)
ശ്രീ. സാമുവൽ രാജ് ആർ, ഓഡിറ്റർ (സീ.ഗ്രേ)
ശ്രീ. ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ (സീ.ഗ്രേ)
ശ്രീ. ബിനുമോൻ കെ സി, ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജാൻസി റെജി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അജി കെ തോമസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സിബി സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2019 | 03-10-2019 |
| ശ്രീ. ബിനുമോൻ കെ കെ | കൃഷി ഓഫീസർ | 04-10-2019 | 31-03-2020 |
| ഡോ. രശ്മി എസ് കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. ആൻസി ടി യോഹന്നാൻ | ഐ.സി.ഡി.എസ് സൂപ്രവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജോബിഷ ജോസഫ് | വി.ഇ.ഒ | 01-04-2019 | 30-08-2019 |
| ശ്രീമതി. രജിമോൾ ആർ | വി.ഇ.ഒ | 31-08-2019 | 28-09-2019 |
| ശ്രീമതി. ബിന്ധു ജോസഫ് | വി.ഇ.ഒ | 29-09-2019 | 31-03-2020 |
| ശ്രീ. ഋഷിസ്യംഗൻ ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-07-2019 |
| ശ്രീ. ജോസഫ് തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-08-2019 | 26-02-2020 |
| ശ്രീമതി. ശ്രീന എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 26-02-2020 | 31-03-2020 |
| ശ്രീ. സാജു ഫിലിപ്പ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ. അഞ്ചു എലിയാസ് ബെൻ | വെറ്ററിനറി സർജൻ | 01-04-2019 | 09-07-2019 |
| ഡോ. പിറ്റ്ച്ചായി മുരുകൻ | വെറ്ററിനറി സർജൻ | 10-07-2019 | 23-09-2019 |
| ഡോ. അഞ്ചു എലിയാസ് ബെൻ | വെറ്ററിനറി സർജൻ | 24-09-2019 | 27-01-2020 |

| | | | |
|---|---|---|---|
| ഡോ. പിറ്റ്ച്ചായി മുരുകൻ | വെറ്ററിനറി സർജൻ | 28-01-2020 | 10-02-2020 |
| ഡോ. വിജി ആർ | വെറ്ററിനറി സർജൻ | 11-02-2020 | 31-03-2021 |
| ഡോ ടിജു പി തോമസ് | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2019 | 08-05-2019 |
| ഡോ ഷേർളി മാത്യു | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 09-05-2019 | 31-03-2020 |
| ഡോ ജീന കെ കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനിമോൾ കെ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രമില്ല ടി റോസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശ്രീ രോയിമോൻ ടി ചാക്കോ | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-1 |
| 2 | സ്റ്റാന്റിഗ് കമ്മിറ്റികൾ ബജറ്റ് പ്രപ്പോസൽ സമർപ്പിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-1-1 |
| 3 | നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-1-2 |
| 4 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-2 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Majo K George (Senior Grade Auditor, On 30-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-3 |
| 7 | പ്രത്യേക ഘടക പദ്ധതി-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-52.53 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-3-1 |
| 8 | സംരക്ഷണ ഗ്രാന്റ് (റോഡ്)-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-49.75 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-3-2 |
| 9 | റോഡിതര സംരക്ഷണ ഗ്രാന്റ്- പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല-38.38 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-3-3 |
| 10 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-3-4 |
| 11 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: R.Samuelraj (Senior Grade Auditor, On 30-06-2021) | 1-3-5 |
| 12 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-4 |
| 13 | പദ്ധതി അവലോകനം<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-5 |
| 14 | വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-5-1 |
| 15 | സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-5-2 |
| 16 | വാർഷിക പദ്ധതി നടപ്പാക്കുന്നതിൽ വിഴ്ച-പദ്ധതി പണം ലാപ്സാവുന്നു.<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-5-3 |
| 17 | തൊഴിലുറപ്പ്-പദ്ധതി അവലോകനം<br>Written By: Majo K George (Senior Grade Auditor, On 30-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-6 |
| 18 | ക്ഷേമപദ്ധതികൾ<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-7 |
| 19 | ക്യാഷ് പരിശോധന<br>Written By: M.K.Madhusoodanan Nair (Audit Officer, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-8 |
| 20 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9 |
| 21 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9-1 |
| 22 | മുൻകൂർ രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9-2 |
| 23 | ആസ്തി രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9-3 |
| 24 | സ്റ്റോക്ക് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9-4 |
| 25 | സ്യൂട്ട് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9-5 |
| 26 | ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ | 1-9-6 |

| | | |
|---|---|---|
| | Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9-7 |
| 28 | വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-9-8 |
| 29 | പ്രത്യേക ഉദ്ദേശ്യ പദ്ധതികൾ, സംയുക്ത പദ്ധതികൾ-രജിസ്റ്റർ സൂക്ഷിക്കുന്നില്ല-തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-10 |
| 30 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-11 |
| 31 | വിവിധ വരവുകളുടെ ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കുകളും തമ്മിൽ അന്തരം<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-12 |
| 32 | സാംഖ്യയിൽ ഓപ്പണിംഗ് എൻട്രികൾ കൃത്യമായി നടത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-13 |
| 33 | കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് വരുമാനത്തിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.<br>Written By: DENNIS JOSEPH (Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-14 |
| 34 | തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ-അധിക തുക നൽകി<br>Written By: Binumon.K.C (Auditor, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-15 |
| 35 | മാലി എസ്സ്.സി കോളനി കുടിവെള്ള പദ്ധതി പ്രയോജനരഹിതം<br>Written By: Binumon.K.C (Auditor, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-16 |
| 36 | കുരുമുളക് കൃഷിവികസനം - ജൈവ വളം വിതരണം ചെയ്ത പ്രോജക്ടിലെ അപാകതകൾ<br>Written By: R.Samuelraj (Senior Grade Auditor, On 23-06-2021)<br>Last Updated By: R.Samuelraj (Senior Grade Auditor, On 30-06-2021) | 1-17 |
| 37 | പാലിയേറ്റിവ് കെയർ പദ്ധതി-₹1440/-അധികം പിൻവലിച്ചു<br>Written By: R.Samuelraj (Senior Grade Auditor, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-18 |
| 38 | പാലിയേറ്റിവ് കെയർ പദ്ധതി ഫയലുകൾ ഹാജരാക്കിയില്ല<br>Written By: R.Samuelraj (Senior Grade Auditor, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-19 |
| 39 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ-സർക്കാർ നിർദേശം പാലിക്കുന്നില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-20 |
| 40 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി-സർക്കാർ നിർദേശം പാലിക്കുന്നില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-21 |
| 41 | പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-22 |
| 42 | ആശുപത്രി മാനേജ്മെന്റ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നില്ല.<br>Written By: R.Samuelraj (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-23 |
| 43 | ലക്ഷങ്ങൾ ചെലവഴിച്ച നിർമ്മിച്ച ടോയ് ലെറ്റ് കോംപ്ലക്സ് നാളിതുവരെ ലേലത്തിൽ നൽകിയില്ല<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: R.Samuelraj (Senior Grade Auditor, On 30-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: R.Samuelraj (Senior Grade Auditor, On 30-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: R.Samuelraj (Senior Grade Auditor, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 25-06-2021)<br>Last Updated By: Jomon Francis (Senior Grade Auditor, On 25-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

14.02.2019 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിച്ച് 26.02.2019ലെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹169447512/- വരവും ₹166512512/- ചെലവും ₹3619744/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 04.03.2020ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3-1 തീരുമാന പ്രകാരം അംഗീകരിച്ചു. (ധനകാര്യ സ്റ്റാറ്റിങ് കമ്മിറ്റി 12.02.2019 ൽ ബജറ്റും 06.02.2020ലെ 2-1 തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 സ്റ്റാന്റിഗ് കമ്മിറ്റികൾ ബജറ്റ് പ്രപ്പോസൽ സമർപ്പിക്കുന്നില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. അതിനാൽ, ബജറ്റിലോ പരിഷ്കരിച്ച ബജറ്റിലോ കൊടുത്തിരിക്കുന്ന തുകകളും യഥാർത്ഥത്തിൽ അനുവദിച്ചതോ ലഭ്യമായതോ ആയ തുകകളുമായി വലിയ വ്യത്യാസമുണ്ട്.

### 1-1-2 നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. അതിനാൽ, 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

### 1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

നിയതമായ ഇടവേളകളിൽ ബജറ്റ് അലവോകനം നടത്തുന്നില്ല. 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 10450000 | 8418877 | 2031123 |
| | എ | വസ്തുനികുതി | 9825000 | 2990688 | 6834312 |
| | ബി | തൊഴിൽ നികുതി | 625000 | 1534189 | -909189 |
| 2 | | നികുതിയിതര വരവുകൾ | 2245000 | 2609012 | -364012 |
| | എ | വാടക കെട്ടിടങ്ങൾ | 120000 | 115298 | 4702 |
| | ബി | ലൈസൻസ് | 500000 | 522340 | -22340 |
| | സി | സ്ഥിരനിക്ഷേപ പലിശ | 0 | 115040 | -115040 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 13044000 | 13351161 | -307161 |
| 4 | | വികസന ഫണ്ട് | 74829100 | 57414636 | 17414464 |
| 5 | | സംരക്ഷണ ഗ്രാന്റ് | 0 | 17419000 | -17419000 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 17807000 | 15227056 | 2579944 |
| 7 | | ഭരണ ചെലവുകൾ | 2057000 | 1218933 | 838067 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2930000 | 2382224 | 547776 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 5429600 | 6408901 | -979301 |
| 10 | | പ്ലാൻ-സേവന മേഖല | 26394987 | 29375027 | -2980040 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 250000 | 2228327 | -1978327 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 14405849 | 2613423 | 11792426 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 17419000 | 5867248 | 11551752 |

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിനും സ്ഥിര നിക്ഷേപത്തിൽ നിന്നും വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം രണ്ടിനത്തിനും വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 15.05.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹106579665/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹107708178/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1428689 |

### 1-3-1 പ്രത്യേക ഘടക പദ്ധതി-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-52.53 ലക്ഷം ലാപ്സായി

പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹11924000/- ൽ 2019-20 സാമ്പത്തിക വർഷം ₹6670523/-ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹1072100/- കൂടി ചേർത്തുള്ള ചെലവ് ₹7742623/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹4181377/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും മാറുന്നതിനാൽ യഥാർത്ഥത്തിൽ ലാപ്സായ തുക ₹5253477/- ആണ്. പട്ടികജാതി വിഭാഗത്തിനായി 45 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 26 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

### 1-3-2 സംരക്ഷണ ഗ്രാന്റ് (റോഡ്)-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-49.75 ലക്ഷം ലാപ്സായി

റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതമായ ₹10586000/- ൽ 2019-20 സാമ്പത്തിക വർഷം ₹5610927/- ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹1931010/- കൂടി ചേർത്തുള്ള ചെലവ് ₹7541937/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹3044063/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും മാറുന്നതിനാൽ യഥാർത്ഥത്തിൽ ലാപ്സായ തുക ₹4975073/- ആണ്. റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് 25 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 14 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

### 1-3-3 റോഡിതര സംരക്ഷണ ഗ്രാന്റ്- പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല-38.38 ലക്ഷം ലാപ്സായി

റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിഹിതമായ ₹6833000/- ൽ 2019-20 സാമ്പത്തിക വർഷം ₹2994086/- ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹1790662/- കൂടി ചേർത്തുള്ള ചെലവ് ₹17906628/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹2048252/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും മാറുന്നതിനാൽ യഥാർത്ഥത്തിൽ ലാപ്സായ തുക ₹3838914/- ആണ്. റോഡിതര സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് 33 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 13 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

### 1-3-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

*വിവിധ ഗ്രാന്റുകളുടെ കൺസോളിഡേറ്റഡ് അബ്സ്ട്രാക്ടിൽ ആകെ അലോക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ, ബാലൻസ് (-) ആണ് കാണിക്കുന്നത്.

*ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ പ്ലാൻ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ പത്രിക എന്നിവയിലെ തുകകളും ഗ്രാന്റ് പത്രികയിലെ അലോക്കേഷനും വ്യത്യാസപ്പെട്ടിരിക്കുന്നു.

*സംസ്ഥാനാവിഷ്കൃത പദ്ധതി വിവരങ്ങൾ നൽകിയിട്ടില്ല. (ഗ്രാമപഞ്ചായത്ത് കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിവരം സാംഖ്യ വെബിൽ നൽകിയിട്ടുണ്ട്.)

*കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിവരങ്ങൾ ഓരോ ഫണ്ട് തിരിച്ച് പ്രത്യേകമായി നൽകിയിട്ടില്ല.

### 1-3-5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2020 ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ വൻതുക നീക്കിയിരിപ്പ് ഉണ്ട്. വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാലും വ്യക്തമായ പരാമർശം ഉൾപ്പെടുത്താതെ വരവെടുത്തിട്ടുള്ളതാനാലും വിവിധ ശീർഷകങ്ങളിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത വ്യക്തമല്ല. അതിനാൽ, തന്നെ അനുവദിച്ച ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാതെ ലാപ്സായി പോകുന്നതിനും വകമാറ്റി ചെലവഴിക്കുന്നതിനും സാധ്യതയുണ്ട്. ബാലൻസ് ഷീറ്റിൽ നൽകിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അവ അനുവദിച്ച ഉദ്ദേശ്യത്തിനു തന്നെ, തുക ലാപ്സായി പോകാതെ, വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115 (TSC) | 3507244 |
| 2 | 320100299 | 734743 |
| 3 | 320200201 | 357706 |
| 4 | 320200207 | 93600 |
| 5 | 320200322 ശുചിത്വമിഷൻ | 451962 |
| 6 | 320300199 | 739851 |
| 7 | 320700204 | 228245 |
| 8 | 320700205 | 6000 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് (ക്യൂ ബില്ലിൽ ഉൾപ്പെട്ട തുക) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24072000 | 24072000 | 21857450 | 2214550 | 2233502 |
| വികസനഫണ്ട് (SCP) | 0 | 11924000 | 11924000 | 6670523 | 5253477 | 1072100 |
| വികസനഫണ്ട് (TSP) | 0 | 1416000 | 1416000 | 995202 | 420798 | 289840 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 1602100 | 1602100 | 14340 | 1587760 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 18400536 | 18400536 | 7735165 | 10665371 | 4346769 |
| ലോകബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 10586000 | 10586000 | 5610927 | 4975073 | 1931010 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6833000 | 6833000 | 2994086 | 3838914 | 1790662 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | | | | | | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ(ഇനം തിരിച്ച്) | | | | | | |
| തൊഴിലുറപ്പ്-ഭരണ ചെലവുകൾ | 380 | 431985 | 432365 | 156738 | 275627 | |
| 100 ദിവസം ബോണസ് | 0 | 116000 | 116000 | 116000 | 0 | |
| തൊഴിലാളികളുടെ കൂലി | 0 | 15905038 | 15905038 | 15905038 | 0 | |
| ഐ.സി.ഡി.എസ് | 0 | 1093107 | 1093107 | 654227 | 438880 | |

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 183931901 | 154 | 8409775 | 53 | 63 | 57.03 |

2019-20 വാർഷിക പദ്ധതി അംഗീകരാവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 29.10.2018, 10.12.2018 |
| ഗ്രാമസഭകൾ | 02.12.2018-04.12.2018 |
| സ്റ്റാന്റിംഗ് കമ്മിറ്റി | 10.12.2018 |
| വികസന സെമിനാർ | 11.12.2018 |
| പഞ്ചായത്ത് കമ്മിറ്റി | 11.12.2018 |
| ഡി പി സി അംഗീകാരം | 16.02.2019 |
| സ്പിൽ ഓവർ പദ്ധതി അംഗീകരാം | 10.06.2019 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 15.07.2019 |

### 1-5-1 വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

### 1-5-2 സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

### 1-5-3 വാർഷിക പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച-പദ്ധതി പണം ലാപ്സാവുന്നു.

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം കാരണം ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 2018-19 സാമ്പത്തിക വർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട പ്രോജക്ടുകൾ, സർക്കാർ പ്രോജക്ടുകൾ (ലൈഫ് ഭവന പദ്ധതിവായ്പ, വെള്ളക്കര കുടിശിക അംഗൻവാടി ഹെൽപ്പർമാർക്ക് അധികവേതനം) എന്നിവ ഒഴിവാക്കിയാൽ 25 ശതമാനം മാത്രമേ പൂർത്തീകരിച്ച് ചെലവ് നടത്തുന്നതിന് സാധിച്ചിട്ടുള്ളൂ. സർക്കാർ മാർഗ്ഗ നിർദേശം പാലിച്ച് സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ 2019-20 പദ്ധതിയിലെ 53 പ്രോജക്ടുകൾ ക്യൂവിലേയ്ക്ക് മാറ്റേണ്ടതായി വന്നു. 2018 ഡിസംബറിൽ തന്നെ 2019-20 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 4462100 | 2053067 |
| വെറ്ററിനറി സർജൻ | 8 | 6 | 4950280 | 1888530 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 350000 | 349202 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 550000 | 550000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1734800 | 1607800 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 5 | 3 | 4800400 | 3649838 |
| സെക്രട്ടറി | 48 | 34 | 15262927 | 9881314 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 175 | 83 | 60904953 | 24505657 |
| ഹെഡ്മാസ്റ്റർ | 7 | 4 | 1280784 | 423060 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1100000 | 700000 |
| മെഡിക്കൽ ഓഫീസർ, സി എച്ച് സി | 4 | 4 | 1755707 | 1526307 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 10 | 86779950 | 36885000 |
| ആകെ | 270 | 154 | 183931901 | 84019775 |

(അവലംബം-സുലേഖ ചെലവ് പത്രിക)

സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ സമയബനധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി ഇടപെടേണ്ടതാണ്.

## 1-6 തൊഴിലുറപ്പ്-പദ്ധതി അവലോകനം

| | മുന്നിരിപ്പ് | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലുറപ്പ്-ഭരണ ചെലവുകൾ | 380 | 431985 | 432365 | 156738 | 275627 |
| 100 ദിവസം ബോണസ് | 0 | 116000 | 116000 | 116000 | 0 |
| തൊഴിലാളികളുടെ കൂലി | 0 | 15905038 | 15905038 | 15905038 | 0 |
| ഐ.സി.ഡി.എസ് | 0 | 1093107 | 1093107 | 654227 | 438880 |

## 1-7 ക്ഷേമപദ്ധതികൾ

2019-20ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9120 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 907200 | 314 |
| വിധവാപെൻഷൻ | 6501600 | 2179 |
| വാർദ്ധക്യകാലപെൻഷൻ | 9719100 | 3195 |
| വികലാംഗപെൻഷൻ | 1526600 | 508 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 48000 | 17 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2021 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹21985/-(ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തി അഞ്ച് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 രജിസ്റ്ററുകളുടെ പരിപാലനം

പർച്ചേസ് കമ്മിറ്റി മിനിട്സ്, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ്, റിക്കവറി രജിസ്റ്ററുകൾ, സ്റ്റിയറിംഗ് കമ്മിറ്റി മിനിട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

വിവിധ നികുതി-നികുതിയിതര വരവുകളുടെ ഡി.സി.ബി രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കുന്നില്ല. രജിസറ്ററുകളിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ വ്യത്യാസമുണ്ട്. മറ്റ് രജിസ്റ്ററുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### 1-9-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

### 1-9-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-9-3 ആസ്തി രജിസ്റ്റർ

ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികളിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രിജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-9-4 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം ഉടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-9-5 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

## 1-9-6 ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് അപ്ഡേറ്റ് ചെയ്തിട്ടില്ല. അതിനാൽ, തുക ഒടുക്കിയിട്ടുള്ള സംഗതികളിലും രജിസ്റ്റർ പ്രകാരം ബാദ്ധ്യത നിലനിൽക്കുന്നു. 2019-20 ൽ വിവിധ ഓഡിറ്റ് വർഷങ്ങളിൽ നഷ്ടം നിജപ്പെടുത്തിയ ₹6296/- (ഖണ്ഡിക 4-7 കാണുക) വിവിധ നഷ്ടോത്തരവാദികൾ തിരികെ ഒടുക്കിയിട്ടുണ്ട്. എന്നാൽ, വിവരം ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-9-7 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

## 1-9-8 വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2019-20 വാർഷിക കണക്കുകൾ പ്രകാരം മുൻ വർഷങ്ങളിലെ വാടക കുടിശ്ശികയായി ₹146745/- പിരിഞ്ഞു കിട്ടുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ, കുടിശിക വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല. അതിനാൽ, കുടിശിക വരുത്തിയ കക്ഷികളുടെ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനും വാടക കുടിശിക ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ സാധിക്കാതെയും വരുന്നു.

## 1-10 പ്രത്യേക ഉദ്ദേശ്യ പദ്ധതികൾ, സംയുക്ത പദ്ധതികൾ-രജിസ്റ്റർ സൂക്ഷിക്കുന്നില്ല-തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ വിവിധ ഹെഡുകളിൽ കൊടുത്തിരിക്കുന്ന വരവുകളുടെ ഉറവിടം, ഉദ്ദേശ്യം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

| ക്രമ നം | ഹെഡ് | തുക |
|---|---|---|
| 1 | 320300199 | 1508914 |

160300102 ഹെഡിൽ (Contributions Towards Joint Venture Projects-From Block Panchayaths) ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം 463117/-യുടെ വരവ് ഉണ്ട്.

| ക്രമ നം | രസീത് നം | തിയതി | തുക |
|---|---|---|---|
| 1 | 119050100018 | 18.03.2020 | 99690 |
| 2 | 119050100025 | 21.03.2020 | 264387 |
| 3 | 119050100027 | 30.03.2020 | 99040 |

കൂടാതെ, മേൽ ഹെഡിലേയ്ക്ക് 31.03.2020 ൽ വൗച്ചർ നം.41900391 പ്രകാരം 500000/- ജേണൽ അഡ്ജസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്. തുകയുടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് വകുപ്പുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, വിനിയോഗ വിവരം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നില്ലാത്തിനാൽ ഫണ്ടുകൾ യഥാസമയം, അനുവദിച്ച ആവശ്യത്തിനു തന്നെ വിനിയോഗിച്ച എന്നുറപ്പു വരുത്തുന്നതിന് സാധിക്കുന്നില്ല.

## 1-11 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | ഹെഡ് | വൗച്ചർ നം | തിയതി | തുക |
|---|---|---|---|---|
| 1 | 432100101 | 41900445 | 31.03.2020 | 90637 |
| 2 | 272200101 | 41900374 | 31.03.2020 | 612383 |
| 3 | 272300101 | 41900375 | 31.03.2020 | 11465205 |
| 4 | 272310101 | 41900376 | 31.03.2020 | 166 |
| 5 | 272320101 | 41900377 | 31.03.2020 | 1064702 |
| 6 | 272330101 | 41900378 | 31.03.2020 | 200397 |
| 7 | 272400101 | 41900379 | 31.03.2020 | 109881 |
| 8 | 272500101 | 41900380 | 31.03.2020 | 100038 |

| | | | | |
|---|---|---|---|---|
| 9 | 272600101 | 41900381 | 31.03.2020 | 135666 |
| 10 | 272700101 | 41900382 | 31.03.2020 | 373992 |
| 11 | 272800101 | 41900383 | 31.03.2020 | 178148 |
| 12 | 280100101 | 41900336 | 31.03.2020 | 30221 |
| 13 | 280100104 | 41900337 | 31.03.2020 | 394447 |

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 വിവിധ വരവുകളുടെ ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കുകളും തമ്മിൽ അന്തരം

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസം ഉണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികതി (ഗാർഹികം)-തൻവർഷം | 2558309 | 2191130 | 447102 | 2558309 | 2138005 | 442102 |
| വസ്തു നികതി (ഗാർഹികം)-കടിശിക | 1199487 | 953256 | 216010 | 1169267 | 953256 | 235729 |
| വസ്തു നികതി (ഗാർഹികതരം)-തൻവർഷം | 4326379 | 3453606 | 668395 | 4326379 | 3453606 | 884469 |
| വസ്തു നികതി (ഗാർഹികതരം)-കടിശിക | 1618627 | 339709 | 881704 | 1224181 | 672749 | 558829 |
| തൊഴിൽ നികതി-തൻവർഷം | 951950 | 912200 | 39750 | 951950 | 951950 | 0 |
| വാടക-കടിശിക | 146745 | 0 | 146745 | - | - | - |

കണക്കുകളിലെ പൊരുത്തക്കേടുകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 സാംഖ്യയിൽ ഓപ്പണിംഗ് എൻട്രികൾ കൃത്യമായി നടത്തുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികതി-നികതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികതി നികതിയേതര വരുമാനങ്ങളുടെ 2016-17ലെ ജേർണൽ എൻട്രി 11.12.2019ൽ ആണ് ചെയ്തിട്ടുള്ളത്. അതാത് സാമ്പത്തിക വർഷം വസ്തുനികതി അസസ് ചെയ്ത് നികതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികതി നിർണ്ണയിച്ച് ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികതി, നികതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കാലാവധി കഴിഞ്ഞ ചെക്കുകൾ തനത് വരുമാനത്തിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹49937/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, തുക Stale Cheque ബാധ്യതയിൽ നിന്നും തനത് വരുമാന അക്കൗണ്ടിലേയ്ക്ക് മാറ്റി ക്രമീകരിച്ചിട്ടില്ല.

## 1-15 തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ-അധിക തുക നൽകി

| | |
|---|---|
| തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ | പ്രോജക്ട് നമ്പർ 200/20 |
| അടങ്കൽ | ₹1014700/- (വികസനഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ,തുക<br>എം ബുക്ക് നമ്പർ | 2/18/05/19- ₹1014700/- (M B No.രേഖപ്പെടുത്തിയിട്ടില്ല ) |

വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ മാലിയിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ₹1014700/- 2018-19-ൽ വകയിരുത്തിയിരുന്നു. 2019-20-ൽ സ്പിൽ ഓവറായി ഉടരുകയും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി 20/02/2019-ൽ കരാർ ഒപ്പിടുകയും ചെയ്തു. കരാർ നിബന്ധന നമ്പർ 4 അനുസരിച്ച് കരാർ വയ്ക്കുമ്പോൾ പ്രോജക്ട് തുകയുടെ 20 ശതമാനം തുക അഡ്വാൻസായി നല്കണം. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതിയ്ക്കായി വകയിരുത്തിയ മുഴുവൻ തുകയും അഡ്വാൻസായി നല്കി.

2) തദ്ദേശ സ്വയംഭരണ വകുപ്പ് അസി.എഞ്ചിനീയറുടെ അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ വേലമൂല്യവും 8 ശതമാനം മാനേജ്മെന്റ് ചാർജ്ജും 12 ശതമാനം ജി.എസ്.റ്റി യും ഉൾപ്പെടെ ആകെ നല്കാവുന്ന തുക ₹1004244 മാത്രമാണ്. എന്നാൽ അഡ്വാൻസായി നല്കിയ തുക 1014700 ആണ്. (10476 രൂപ അധികമായി നല്കി).ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.1 തി.22.6.21) പദ്ധതി തുക നഷ്ടമാകാതിരിക്കുവാനാണ് തുക മുൻകൂർ നൽകിയതെന്നും പദ്ധതി ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുവെന്നും, അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനായി ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 മാലി എസ്സ്.സി കോളനി കടിവെള്ള പദ്ധതി പ്രയോജനരഹിതം

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 129/19 മാലി എസ്സ്.സി കോളനി കടിവെള്ള പദ്ധതിയ്ക്ക് ടാങ്ക് നിർമ്മാണം |
| അടങ്കൽ | 400000 (വികസനഫണ്ട്) |
| എം ബുക്ക് നം | 429/AE/18-19 |
| ബിൽ നം-തുക | 10/25/04/19- Rs 326602 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

2000 -2001-ൽ എം-പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഒരു കളത്തിന്റെ സമീപത്തായി 6 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള ഒരു ടാങ്ക് നിർമ്മിക്കുന്നതായിരുന്നു പദ്ധതി പ്രവർത്തനം. ഈ കളത്തിലെ വെള്ളം വർഷങ്ങളായി ഗുണഭോക്താക്കൾ ഉപയോഗിക്കുന്നതല്ല എന്ന് സമീപവാസികൾ വ്യക്തമാക്കി. കളത്തിൽ നിന്ന് ടാങ്കിലേയ്ക്കും ടാങ്കിൽ നിന്ന്

ഗുണഭോക്താക്കളിലേയ്ക്കും വെള്ളം എത്തിക്കുന്നതിനുള്ള യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. പ്രദേശവാസികൾ ഉപയോഗിക്കുന്നത് എസ്റ്റേറ്റിൽ നിന്നും വിതരണം ചെയ്യുന്ന വെള്ളമാണ്. 400000 രൂപ അടങ്കൽ നിശ്ചയിച്ച് നിർവ്വഹണം നടത്തിയ ഈ പദ്ധതികൊണ്ട് നിലവിൽ ആർക്കും പ്രയോജനമില്ല. ഈ ടാങ്കിൽ നാളിതുവരെ വെള്ളം നിറച്ചിട്ടില്ല. കുളത്തിൽ നിന്നും നേരിട്ട് വെള്ളം പമ്പ് ചെയ്ത് നല്കാമെന്നിരിക്കെ കുളത്തിന് സമീപത്തായി മറ്റൊരു ടാങ്ക് നിർമ്മിച്ചത് എന്തിനെന്ന് വ്യക്തമല്ല. ഈ പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവഴിച്ച തുകയായ ₹3,26,602/- തടസ്സപ്പെടുത്തുന്നു.

1-17 കുരുമുളക് കൃഷിവികസനം - ജൈവ വളം വിതരണം ചെയ്ത പ്രോജക്ടിലെ അപാകതകൾ

| പ്രോജക്ട് നം | പ്രോജക്ട് | അടങ്കൽ തുക ₹ | ചെലവ് ₹ |
|---|---|---|---|
| 91/19-20 | കുരുമുളക് പുനരുദ്ധാരണം -ജനറൽ | 10,00000/- | 503750/- |
| 96/19-20 | കുരുമുളക് പുനരുദ്ധാരണം -വനിത | 10,00000/- | 503750/- |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം 500 പുരുഷന്മാർക്കും 461 വനിതകൾക്കും കുരുമുളക് കൃഷി വികസനത്തിനായി 100 കിലോഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു. ജൈവ വളം ഗുണഭോക്താക്കളുടെ കൈവശമുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായിട്ടല്ല നൽകിയിരിക്കുന്നത്. വിസ്തീർണം പരിഗണിക്കാതെ എല്ലാവർക്കും 100കി. ഗ്രാം വളം വീതം നൽകുകയാണ് ചെയ്തിരിക്കുന്നത്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) കൃഷി ഭൂമിയുടെ വിസ്തൃതിയ്ക്ക് ആനുപാതികമല്ലാതെ വളം നൽകി.

| ക്രമ. നം | ഗുണഭോക്താക്കളുടെ പേര് | കൈവശമുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണം. |
|---|---|---|
| 1 | കരുവിള വർഗ്ഗീസ്,കുരാപ്പള്ളിൽ | 4.94 സെന്റ് |
| 2 | ഏലിയാമ്മ ജോർജ്ജ്,പുതുപ്പള്ളികുന്നേൽ | 7.5 സെന്റ് |
| 3 | അമ്പിളി തമ്പി,പൈനുമൂട്ടിൽ | 9 സെന്റ് |

2) ഒരേ സ്ഥലത്തിന് രണ്ട് പേർക്ക് വളം നൽകിയിരിക്കുന്നു.

| ക്രമ. നം | ഗുണഭോക്താക്കളുടെ പേര് | അപാകത |
|---|---|---|
| 1 | 1)ഡെയ്സി ബിജു,കന്നാം മണ്ണിൽ<br>2)കെ.സി.ബിജു,കന്നാം മണ്ണിൽ | 4.98 സെന്റ് സ്ഥലത്തിന് കരമടച്ച ഒരു രസീത് പ്രകാരം 2 പേർക്ക് 100 കി.ഗ്രാം വീതം ആകെ 200 കി.ഗ്രാം വളം നൽകി. |
| 2 | 1)സനോഷ് ഉമ്മൻ, ചിറക്കരോട്ട്<br>2)സന്തോഷ് സി.ഒ, ചിറക്കരോട്ട് | 1 ഏക്കർ സ്ഥലത്തിന്റെ ഒരു കൈവശരേഖയുടെ അടിസ്ഥാനത്തിൽ രണ്ട് പേർക്ക് 100 കി.ഗ്രാം വീതം ആകെ 200 കി.ഗ്രാം വളം നൽകി. |

3) സ്ഥലത്തിന്റെ കൈവശ രേഖ ഇല്ലാത്തവർക്ക് വളം നൽകിയിരിക്കുന്നു.

| ക്രമ. നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | സിജിമോൻ സി.എം, ചക്കികളത്തിൽ |
| 2 | സാലി ബേബി, ആനിക്കൽ |
| 3 | രാധാകൃഷ്ണൻ, കൊന്നയ്ക്കാപ്പറമ്പിൽ |
| 4 | സെൽവി അൽഫോൺസ, ചേറ്റുകുഴി |
| 5 | വൽസമ്മ ജയകുമാർ, കുന്നത്തുമല |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന രേഖകൾ കൃത്യമായി പരിശോധിച്ച് അർഹത ഉറപ്പാക്കി പ്രോജക്ടുകൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-18 പാലിയേറ്റിവ് കെയർ പദ്ധതി-₹1440/-അധികം പിൻവലിച്ചു

പ്രോജക്ട് നം.115/2019-20 പ്രകാരമുള്ള പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി ബിൽ നം.25/19-20 തിയതി 18.2.2020 പ്രകാരം ₹1,61,760/- പിൻവലിച്ചതിൽ വൗച്ചർ നം.70 പ്രകാരം പാലിയേറ്റീവ് കെയർ വോളിന്റിയർമാർക്കുള്ള ഒക്ടോബർ മാസത്തെ ഭക്ഷണ ചെലവിനത്തിൽ ₹9120/-നൽകിയതായി കാണിച്ചിട്ടുള്ളത്.എന്നാൽ ഭക്ഷണ ശാലയുടെ ബിൽ പ്രകാരം ₹7680/-മാത്രമാണ് നൽകേണ്ടിയിരുന്നത്.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.5 തി.23.6.2021) മറുപടിയിൽ അധികം പിൻവലിച്ച തുക തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.അധികമായി പിൻവലിച്ച് ₹1440/- തിരികെ അടവാക്കേണ്ടതാണ്.

1-19 പാലിയേറ്റിവ് കെയർ പദ്ധതി ഫയലുകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 115,പാലിയേറ്റീവ് കെയർ<br>194 പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹887807/- (വികസനഫണ്ട്) |

| | |
|---|---|
| | ₹667900/- (വികസനഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി |
| ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക<br>ആകെ | ₹742807/-<br>₹641700/-<br>₹1384507/- |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2019-20 ർഷം ₹13,84,507/- ചെലവാഴിച്ചിട്ടുണ്ടെങ്കിലും (ചെലവ് പത്രിക പ്രകാരമുള്ള തുക) ₹2,82,420/- യുടെ ചെലവ് വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഫയലുകൾ ഹാജരാക്കുവാൻ നിർദ്ദേശിച്ച് കൊണ്ടുള്ള ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 3.- തിയതി 23.6.2021) നൽകിയ മറുപടിയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ ഓഫീസിൽ കണ്ടെത്താൻ സാധിച്ചില്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഫയലുകൾ താമസംവിനാ ഓഡിറ്റിന് ഹാജരാക്കാത്തപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. രേഖകളുടെ അഭാവത്തിൽ ₹1102087/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കൽ-സർക്കാർ നിർദേശം പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2019-20 സാമ്പത്തിക വർഷം ₹238981/- കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി ₹19915/- യാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച തുകയൊടുക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഒഴികെയുള്ള മറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. കൂടാതെ, സർക്കാർ നിർദേശങ്ങൾ പാലിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തുന്നില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട മേൽ ഉത്തരവിലെയും സർക്കുലറിലെയും നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. വികസന-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി-സർക്കാർ നിർദേശം പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകളിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയതിന് ₹306800/- 2019-20 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. അതിനാൽ, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തുന്നില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട സർക്കാർ നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/ 2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്.

## 1-22 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി ₹189875/- കേരള വാട്ടർ അതോറിറ്റിയിൽ 2019-20 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി ₹15822/- വീതമാണ് വെള്ളക്കരമായി ഒടുക്കുന്നത്. കൂടാതെ, വെള്ളക്കര കുടിശികയായി ഗ്രാമപഞ്ചായത്തിന്റെ പൊതുവിഭാഗം വികസന ഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും ₹34276/- സർക്കാർ കുറവ് ചെയ്തിട്ടുമുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 52 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നത്. 23.06.2006 ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.09.2011ലെ സർക്കാർ ഉത്തരവ് (സാധാ) 2242/തസ്വഭവ എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുള്ള വിവരം ലഭ്യമല്ല. സർക്കാർ നിർദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ) നം. 6105/2019/ധന തി. 01.08.2019, സ.ഉ.(സാധാ) നം. 10050/2019/ധന.തി.21.12.2019 എന്നീ ഉത്തരവുകളിലും സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പൊതുടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 1-23 ആശുപത്രി മാനേജ്മെന്റ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നില്ല.

വണ്ടന്മേട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആശുപത്രി മാനേജ്മെന്റ് കമ്മറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ആശുപത്രി മാനേജ്മെന്റ് കമ്മറ്റി 2016-17 വർഷം മുതൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആശുപത്രി മാനേജ്മെന്റ് കമ്മറ്റി തുടങ്ങിയത് മുതലുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 ലക്ഷങ്ങൾ ചെലവഴിച്ച നിർമ്മിച്ച ടോയ് ലെറ്റ് കോംപ്ലക്സ് നാളിതുവരെ ലേലത്തിൽ നൽകിയില്ല

പദ്ധതി നം S0248/20 പ്രകാരം 1280000 രൂപ അടങ്കലിൽ ₹ 1135387/- ചെലവഴിച്ച് നിർമ്മിച്ച ചേറ്റുകുഴി ടൗൺ ടോയിലറ്റ് കോംപ്ലക്സ് നാളിതുവരെ ലേലത്തിൽ നൽകിയിട്ടില്ല.

ഏതാനം അടിസ്ഥാന സൗകര്യങ്ങൾകൂടി ഒരുക്കാനുള്ളതിനാലാണ് ടോയ് ലറ്റ് ലേലത്തിൽ നൽകാത്തതെന്നം അവ സജ്ജീകരിക്കുന്ന മുറയ്ക്ക് ലേലത്തിൽ നൽകുന്നതാണെന്നം അധികൃതർ അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തി ലേലത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22-6-2021 | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (41) | 99690 | 310 |
| | | 387807 | സാന്ത്വനം പരിചരണം | 363427 | 23480 |
| | | 500000 | സാന്ത്വനം പരിചരണം | 500000 | . |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹10560000/- വരവുണ്ട്. മുൻബാക്കി ₹37840410/- ₹48400410-യിൽ ₹42905000/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ | ജി.ഒ.എം.എസ്.നം. 68/2018/ എൽ.എസ്.ജി.ഡി തീയതി 18.5.2018 | 48400410 | 37840410 | 10560000 | 2779822 | | 45620588 |

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 1500000 |
| ആകെ | 2500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2500000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം, നെടുങ്കണ്ടം | 14-6-2018 | 1 വർഷം | 1000000.00 | |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് | 22.10.2019 | 1 വർഷം | 1500000.00 | |

| | | | | |
|---|---|---|---|---|
| | സഹകരണ സംഘം, നെടുങ്കണ്ടം | | | |
| ആകെ | | | 2500000.00 | |

രണ്ട് നിക്ഷേപങ്ങളും പുതുക്കിയത് 22.10.2020-ൽ ആണ്. ആയത് പ്രകാരം ഒന്നാമത്തെ നിക്ഷേപം പലിശയടക്കം ₹1085000/- യും രണ്ടാമത്തെ നിക്ഷേപം പലിശയടക്കം ₹1627500/- യുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2006-07 | 3.35.2 | 2003-04 | 3-4 | വൗച്ചറുകൾ/രേഖകൾ ഹാജരാക്കാത്തത് |
| 2009-10 | 2.8 | 2006-07 | 3-4 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹5,68,920/- |
| 2011-12 | 2.4 | 2007-08 | 3-9 | പട്ടികജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയത് ₹3,50,000/- |
| 2015-16 | 4-1-5 | - | - | വിഷയാധിഷ്ഠിത അവലോകനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നികുതി, നികുതിയേതര വരുമാനങ്ങൾ പൊരുത്തപ്പെടാത്ത കണക്കുകൾ |
| 2016-17 | അനുബന്ധം 3 | 2014-15 | 2-1 | വസ്തുനികുതി - അപാകതകൾ |
| 2016-17 | അനുബന്ധം 5 | 2015-16 | 2-1 | തൊഴിൽനികുതി - അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

- ഇല്ല -

### ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം./ തീയതി | തുക ₹ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1998-99 | 20എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 785 | | | | | | 785 | |
| | 21എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 120 | ₹120/- രസീത് നം. 1131100193, 1131100194/ 17.04.13 | | | | 120 | | |
| | 21ബി | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 600 | ₹600/- രസീത് നം. 1131100191, 1131100192/ 17.04.13 | | | | 600 | | |
| | 21 സി | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 720 | | | | | | 720 | |
| | 23 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 625 | | | | | | 625 | |
| | 24 | ശ്രീ. കെ. പി. സാബുകുട്ടൻ | LF.9862 Spl.Cell/ SC2/ | 4248 | | | | | | | 4248 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | നായർ<br>സെക്രട്ടറി | 2002<br>21.02.2003 | | | | | | | | |
| | 26 | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 170 | | 170 | | | 170 | | |
| | 27-എ | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 4940 | | | | | | 4940 | |
| | 27(ബി) | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 5000 | | | | | | 5000 | |
| | 27(സി) | 20 എ<br>1998-99<br>ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 5000 | | | | | | 5000 | |
| | 27(ഡി) | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 3469 | | | | | | 3469 | |
| | 29 | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 5000 | | | | | | 5000 | |
| | 34 | ശ്രീ. കെ. പി.<br>സാബുകുട്ടൻ<br>നായർ<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 1183 | | | | | | 1183 | |
| 1999-00 | 22 | ശ്രീ. സാബുകുട്ടൻ<br>നായർ<br>സെക്രട്ടറി | LF.22209<br>Spl.Cell/<br>SC.2/<br>2005<br>01.11.2006 | 900 | ₹900/-<br>രസീത്<br>നം.49/6436/18.09.2008/17.04.13 | | | | 900 | | |
| 1999-00 | 26 | ശ്രീ. സാബുകുട്ടൻ<br>നായർ<br>സെക്രട്ടറി | LF.12365<br>Spl.Cell/<br>CSC/C1/<br>2003<br>1.08.2003 | 6840 | | | | | | 6840 | |
| 2001-02 | 2-2 | ശ്രീമതി.<br>പി.റ്റി.ഏലിയാമ്മ<br>സെക്രട്ടറി | LF.22209<br>Spl.Cell/<br>SC2/<br>2005<br>1.11.2006 | 2838 | | | | | | 2838 | |
| 2001-02 | 2-9 | ശ്രീമതി.<br>പി.റ്റി.ഏലിയാമ്മ<br>സെക്രട്ടറി | LF.22209<br>Spl.Cell/<br>SC2/<br>2005<br>1.11.2006 | 1841 | | | | | | 1841 | |
| 2008-09 | 3-9 | ശ്രീ. കെ. എം.<br>ഉഷാനന്ദൻ<br>അസി.<br>എഞ്ചിനിയർ | LF.22683<br>Spl.Cell/<br>CSC/C1/<br>2012<br>19.06.2014 | 3660 | | | | | | 3660 | |
| 2012-13 | 3.1 | ശ്രീ. രാജൻ വർഗ്ഗീസ് | LF.10878<br>Spl.Cell/<br>CSC/C1/<br>2015<br>14.7.2017 | 51728 | | | | | | 51728 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹106579665/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹107708178/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1428689/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 326602 | ശ്രീ. ഋഷിസ്സംഗൻ. ആർ<br>അസി.എഞ്ചിനീയർ |
| 1-17 | 1102087 | ഡോ.ഷേർളി മാത്യു<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഋഷിസ്യംഗൻ. ആർ<br>അസി.എഞ്ചിനീയർ | വിരമിച്ചു | വിപൂരം, പുളിമൂട്, കളപ്പട, പി.ഒ.,തിരുവനന്തപുരം. |
| ഡോ.ഷേർളി മാത്യൂ<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ<br>സി.എഫ്.എൽ.റ്റി.സി, കട്ടപ്പന | പോട്ടുപ്പള്ളിൽ, പുളിയൻമല പി.ഒ., ഇടുക്കി ജില്ല. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | റിമാർക്സ് |
|---|---|---|---|
| 1980-1981 | എൽ.എഫ്.ഐ.5/415/83/31.10.83 | | |
| 1981-1982 | എൽ.എഫ്.ഐ.5/879/85/31.12.85 | | |
| 1982-1983 | എൽ.എഫ്.ഐ.5/239/87/16.12.87 | | |
| 1983-1984 | എൽ.എഫ്.ഐ.5/222/58/04.06.88 | | |
| 1984-1985 | എൽ.എഫ്.ഐ.5/595/92/31.08.90 | | |
| 1985-1986 | എൽ.എഫ്.ഐ.5/728/90/21.01.91 | | |
| 1986-1987 | എൽ.എഫ്.ഐ.5/615/91/1.08.92 | | |
| 1987-1988 | എൽ.എഫ്.ഐ.5/996/91/17.02.92 | | |
| 1988-1989 | എൽ.എഫ്.ഐ.5/377/95/08.03.96 | | |
| 1989-1990 | എൽ.എഫ്.ഐ.5/377/95/08.03.96 | | |
| 1990-1991 | എൽ.എഫ്.ഐ.5/56/94/30.03.1994 | | |
| 1991-1992 | എൽ.എഫ്.ഐ.55/56/94/30.03.1994 | | |
| 1992-1993 | എൽ.എഫ്.ഐ.5/79/95/08.03.96 | | |
| 1993-1994 | എൽ.എഫ്.ഐ.5/79/95/08.03.96 | | |
| 1998-1999 | എൽ.എഫ്.ഐ.6/202/2002/ 20.07.2000 | 8 | 20എ), 21സി, 23, 24, 27എ), ബി, സി, ഡി 29, 34, 36 |
| 1999-2000 | എൽ.എഫ്.ഐ.6/562/2000/ 31.07.2000 | 1 | 26 |
| 2001-2002 | എൽ.എഫ്.ഐ.6/281/04/ 09.02.2005 | 2 | 2-2.2-9 |
| 2003-2004 | എൽ.എഫ്.ഐ.8/40/06/ 02.11.2006 | 2 | 3-12,3-14 |
| 2004-2005 | എൽ.എഫ്.ഐ.8/1022/06/ 01.06.2007 | 1 | 3-3 |
| 2006-2007 | എൽ.എഫ്.ഐ.8/1100/09/ 11.06.2010 | 11 | 2-2, 2-3എ),ബി,സി, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6(1, 2), 3-7(1,2), 4-3 |
| 2007-2008 | എൽ.എഫ്.ഐ.9/1021/11/ | 14 | 2-2, 2-3, 3-2, 3-3,3-4, |

| | | | |
|---|---|---|---|
| | 13.10.2011 | | 3-6, 3-7, 3-8,3-9, 3-10, 3-11, 4-2, 4-3, 4-5 |
| 2008-09 | എൽ.എഫ്.ഐ.-9/989/12/ 05.09.2012 | 18 | 1-3(ബി), 2-3, 2-4, 2-5(എ), ബി), 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14 |
| 2009-10 | എൽ.എഫ്.ഐ.-9/1460/12/ 10.06.2013 | 12 | 2-3, 2-4(എ), ബി), 2-5(1), 2-5(2), 3-1(1, 2), 3-3,3-4, 3-6, 3-7, 3-8, 3-9,3-10, 3-12 |
| 2010-11 | എൽ.എഫ്.ഐ.-9/1515/12/ 11.03.2014 | 15 | 2-1, 2-2, 2-3, 2-4, 2-5, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10 |
| 2011-12 | എൽ.എഫ്.ഐ.-9/1178/14/ 24.02.2015 | 18 | 1-3, 1-4, 2-2, 2-3, 2-4(ബി, സി, ഡി),2-7,3-1, 3-2, 3-3, 3-4,3-5, 3-7,3-8, 3-10,3-11,3-12,3-13,3-14 |
| 2012-13 | എൽ.എഫ്.ഐ.-9/638/17/ 10.06.2015 | 8 | 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5,4-1 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-9/919/15/ 18.02.2016 | 5 | 2-2, 3-1, 3-2, 3-3,3-5 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-9/1385/ 19/23.03.2017 | 8 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-9/419/17/ 05.04.2017 | 8 | 1-12, 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.-9/1317/17/ 05.09.2017 | 11 | 1-12, 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.-9/1316/18/15-12-2018 | 20 | 1-10,1-12,2-1,2-2,2-3,2-4, 2-5,3-1,3-3,3-6,3-8,3-9,3-10, 3-11,3-12,3-13,4-1,4-7,4-8,4-10 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ-9/211/2020 തീയതി 20-5-2020 | 9 | 1-11, 1-12, 1-14, 1-15, 1-16, 1-17, 1-18, 1-19. 1-20, 3-1 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്